# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 861 — 11/3/2015-ൽ മറുപടിക്ക്

## ജപ്പാൻ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.തിലോത്തമൻ | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈനുകൾ നിരന്തരം പൊട്ടി റോഡുകളും വീടുകളും നാശപ്പെടുന്നത് പൈപ്പ് ലൈനുകളുടെ ഗുണനിലവാരം കുറഞ്ഞതിനാലാണെന്നും അതിൽ അഴിമതിയുണ്ടോ എന്ന് പരിശോധിക്കണമെന്നുമുള്ള ആവശ്യങ്ങൾ പരിഗണിച്ച് അന്വേഷണത്തിന് വിജിലൻസിനെ ചുമതലപ്പെടുത്തിയിരുന്നോ; വിജിലൻസിന്റെ കണ്ടെത്തൽ എന്തായിരുന്നു; ഇത് സംബന്ധിച്ച അന്വേഷണത്തിൽ കുറ്റക്കാരായ ആർക്കെല്ലാം എതിരെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | (എ) ജൈക്ക പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, മീനാട്, കോഴിക്കോട്, പട്ടുവം എന്നീ പദ്ധതികളിൽ സ്ഥാപിച്ച പൈപ്പുകൾ ഗുണനിലവാരക്കുറവ് മൂലം പൊട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചേർത്തല പദ്ധതിയുടെ റോ-വാട്ടർ ഗ്രാവിറ്റി മെയിനിന്റെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള ജി.ആർ.പി പൈപ്പ് ലൈനിൽ (1100 എം.എം) ഏതാനും പൊട്ടലുകൾ ഉണ്ടായിട്ടുണ്ട്. അവ പരിഹരിച്ചിട്ടുണ്ട്. എന്നാൽ മറവൻതുരുത്ത് പഞ്ചായത്തിൽ ജി.ആർ.പി. പൈപ്പ് മാറ്റുന്ന പ്രശ്നം പരിഹരിക്കേണ്ടതായിട്ടുണ്ട്. ഇത് സംബന്ധമായി ഡിപ്പാർട്ട്മെന്റ് തലത്തിൽ അന്വേഷണം നടന്നുവരുന്നു. ടി വിഷയത്തിൽ അന്വേഷണത്തിന് വിജിലൻസിനെ ചുമതലപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

JSK/